പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1987 | 17.12.2012-ൽ മറുപടിക്ക്.

# പോലീസ് വകുപ്പിലെ വാഹനങ്ങളുടെ ദുർവിനിയോഗം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. എസ്. സലീഖ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പോലീസ് വകുപ്പിൽ എത്ര വാഹനങ്ങൾ വാങ്ങി ; ആയതിന്റെ ഫലമായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ; | : (എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പോലീസ് വകുപ്പിൽ വാങ്ങിയ വാഹനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പോലീസ് വകുപ്പിൽ പുതിയ വാഹനങ്ങൾ വാങ്ങുമ്പോൾ പഴയതും നിലവിൽ കേടായതുമായ വാഹനങ്ങൾ ലേലം ചെയ്ത് നൽകാറുണ്ടോ ; എങ്കിൽ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ എത്ര വാഹനങ്ങൾ ലേലം ചെയ്തുവെന്നും എത്ര തുക ആയത് വഴി സർക്കാരിന് ലഭിച്ചുവെന്നും വ്യക്തമാക്കുമോ ; | : (ബി) ഉണ്ട് ; പഴയ വാഹനങ്ങൾ നിർദ്ദിഷ്ട കാലാവധി പൂർത്തീകരിക്കുകയും കിലോമീറ്റർ ഓടുകയും ചെയ്ത ശേഷം വരുന്ന കേടുപാടുകൾ തീർക്കുന്നതിന് ഡിപ്പാർട്ട്മെന്റിനോ/ സർക്കാരിനോ സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന തരത്തിലുള്ളതാണെങ്കിൽ ആയത് മാനദണ്ഡങ്ങൾക്കനുസൃതമായി പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്. സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ 130 വാഹനങ്ങൾ ലേലം ചെയ്യുകവഴി സർക്കാരിന് 1,58,29,143/- രൂപ (ഒരു കോടി അമ്പത്തി എട്ട് ലക്ഷത്തി ഇരുപത്തി ഒമ്പതിനായിരത്തി ഒരുനൂറ്റി നാൽപ്പത്തി മൂന്ന് രൂപ) ലഭിച്ചിട്ടുണ്ട്. |
| (സി) സംസ്ഥാനത്ത് നിലവിൽ എത്ര പോലീസ് വാഹനങ്ങൾ കട്ടപ്പുറത്ത് ഉണ്ട് ; സംസ്ഥാനത്തെ മന്ത്രിമാരുടെ എസ്കോർട്ടിനായി എത്ര വാഹനങ്ങൾ വിട്ടുനൽകിയിട്ടുണ്ട് ; വ്യക്തമാക്കുമോ ; | : (സി) സംസ്ഥാനത്ത് നിലവിൽ 105 പോലീസ് വാഹനങ്ങൾ ഉപയുക്തമല്ലാതായിട്ടുണ്ട് ; സംസ്ഥാനത്തെ മന്ത്രിമാരുടെ എസ്കോർട്ടിനായി 8 വാഹനങ്ങൾ വിട്ടുനൽകിയിട്ടുണ്ട്. |

(മറുപുറം)

(ഡി) പോലീസ് വകുപ്പിൽ ഏത് പദവിവരെയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് സ്വകാര്യ ആവശ്യത്തിനായി പോലീസ് വാഹനം ഉപയോഗിക്കാം ; കൂടാതെ കുടുംബാംഗങ്ങൾക്ക് സ്വകാര്യ ആവശ്യത്തിന് പോലീസ് വാഹനം ഉപയോഗിക്കുവാൻ അനുമതിയുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണ് ;

: (ഡി) പോലീസ് സൂപ്രണ്ട് മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് Non Duty Purpose-ലേയ്ക്കായി കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ കിലോമീറ്റർ കണക്കാക്കി തുക ട്രഷറിയിൽ അടച്ച് വാഹനം സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കാവുന്നതാണ്.

(ഇ ) പോലീസ് ഉദ്യോഗസ്ഥർ സർക്കാർ വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ സർക്കാർ അധികാരമേറ്റതിനുശേഷം ഇത്തരത്തിൽ എത്ര പരാതികൾ കിട്ടി ; പരാതിയുടെ അടിസ്ഥാനത്തിൽ എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് പേരും, വഹിക്കുന്ന പദവി ഉൾപ്പെടെ വെളിപ്പെടുത്തുമോ ;

: (ഇ) രണ്ട് പരാതി ലഭിച്ചിട്ടുണ്ട്. ആയതിൽ ഒരു പരാതിയിൽ അന്വേഷണത്തിൽ പരാതിയിൽ പറയുന്ന കാര്യങ്ങൾ വ്യാജമാണെന്ന് വെളിവായതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല. മറ്റൊരു പരാതിയിന്മേൽ ഒരു പോലീസ് ഉദ്യോഗസ്ഥനെതിരെ (തിരുവനന്തപുരം സിറ്റി എസ്.സി.പി.ഒ. 1377) വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(എഫ്) ഇപ്രകാരം പോലീസ് വാഹനങ്ങൾ ദുർവിനിയോഗം ചെയ്യുന്നവരെ കണ്ടെത്തുവാനും, പരിശോധിക്കാനും ചുമതലപ്പെടുത്തിയിട്ടുള്ള പോലീസ് ഉദ്യോഗസ്ഥർ ആരെല്ലാമെന്നും അവർ വഹിക്കുന്ന പദവി ഉൾപ്പെടെ വ്യക്തമാക്കുമോ ?

; (എഫ്) വാഹനങ്ങൾ അനുവദിക്കപ്പെട്ടിട്ടുള്ള യൂണിറ്റുകളിൽ വാഹനങ്ങളുടെ പരിപാലനവും ദുരുപയോഗവും തടയുന്നതിനായി ചുമതലപ്പെടുത്തിക്കൊണ്ട് ഓരോ യൂണിറ്റുകളിലും മോട്ടോർ ട്രാൻസ്പോർട്ട് വിംഗ് പ്രവർത്തിച്ചു വരുന്നുണ്ട്. ഈ വിംഗ് വാഹനങ്ങളുടെ ദുരുപയോഗം ഏതെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ അതാത് മേലധികാരിക്ക് റിപ്പോർട്ട് സമർപ്പിച്ചു വരുന്നു. കൂടാതെ യൂണിറ്റ് മേലധികാരികളും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരും മിന്നൽ പരിശോധന നടത്തി ദുരുപയോഗമോ ദുരുപയോഗ പ്രവണതയോ തടഞ്ഞുവരുന്നു.

സെക്ഷൻ ഓഫീസർ